# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**2662** 09.07.2015-ലെ മറുപടിക്ക്

## എൻ. എച്ച്.66 നാലുവരിപ്പാത

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്.66 നാലുവരിപാതയാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) എൻ.എച്ച്. 66 ന്റെ സംസ്ഥാനത്തുകൂടി കടന്നുപോകുന്ന ഭാഗങ്ങളുടെ സർവ്വീസ് റോഡുകളോടുകൂടി 4 വരിപ്പാതയായി ബി.ഒ.റ്റി വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ ദേശീയപാത വികസനപദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ.യെ ഏൽപ്പിക്കുകയുണ്ടായി.ഇതിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയും ഉള്ള ഭാഗത്തെ സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം ദേശീയ പാത അതോറിറ്റി പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ട്. ദേശീയ പാത വികസന അതോറിറ്റിയെ കൊണ്ട് 45 മീറ്റർ സ്ഥലം ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണം കേന്ദ്രത്തെ അറിയിക്കുകയും ദേശീയ-പാതവികസനത്തിൽ നിന്നും പിന്മാറിയ തീരുമാനം പുനഃപരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്. |

തുടർന്ന്...

| | |
|---|---|
| **(ബി)** ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി കണ്ണൂർ, കാസർഗോഡ് ജില്ലയിൽ എത്രത്തോളമായിട്ടുണ്ടെന്ന് വിശദമാക്കാമോ ? | **(ബി)** ഇതിനായി തലശ്ശേരിയിൽ 0.0455 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. 3,20,670 രൂപ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻ.എച്ച്.എ.ഐ നിർദ്ദേശിച്ച 33 വില്ലേജുകളിലായി 66.8499 ഹെക്ടർ സ്ഥലത്തിന്റെ 3 ഡി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**